(സി) പ്രസ്തുത ഉത്തരവിന്റെ ഒരു പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഭൂജല നിയമത്തിന്റെ ചട്ടങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ടോ;

(ഇ) എങ്കിൽ പ്രസ്തുത ഉത്തരവിന്റെ ഒരു പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഭൂജല നിയമപ്രകാരം കിണർ കുഴിക്കുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് പ്രത്യേകമായി വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശങ്ങളുടെ ജില്ല തിരിച്ചുള്ള പട്ടിക തയ്യാറായിട്ടില്ല. ഇതിനായുള്ള വിശദമായ ഭൂജല പഠനം നടന്നുവരുന്നു.

(ബി) നിയന്ത്രണങ്ങൾക്കായുള്ള പ്രദേശങ്ങൾ വിജ്ഞാപനം ചെയ്തിട്ടില്ല. 2002-ലെ കേരള ഭൂജലം നിയന്ത്രണവും ക്രമീകരണവും ആക്ട് പ്രകാരം വിജ്ഞാപനം ചെയ്യപ്പെടുന്ന പ്രദേശത്തെ നിലവിലുള്ളതും ഉപയോഗത്തിലുള്ളതുമായ കിണറുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. എന്നാൽ ഗാർഹികാവശ്യത്തിനുള്ള ഒന്നര കുതിരശക്തി വരെയുള്ള മോട്ടോർ/എഞ്ചിൻ കൊണ്ട് പ്രവർത്തിക്കുന്ന സാധാരണ കിണറുകൾക്ക് രജിസ്ട്രേഷൻ ആവശ്യമില്ല. പുതുതായി കിണർ കുഴിക്കുവാൻ ഭൂജലവകുപ്പിന്റെ ജില്ലാ ഓഫീസ് വഴി ലഭിക്കുന്ന അതോറിറ്റിയുടെ പെർമിറ്റ് ആവശ്യമുണ്ട്. എന്നാൽ ഗാർഹിക ആവശ്യത്തിനുള്ള സാധാരണ കിണർ കുഴിക്കുന്നതിനും 1.5 കുതിര ശക്തിവരെയുള്ള പമ്പ് (മോട്ടോർ/ഡീസൽ) ഘടിപ്പിച്ച ഗാർഹിക ആവശ്യത്തിനുള്ള സാധാരണ കിണറിനും പെർമിറ്റ് ആവശ്യമില്ല.

(സി) ആക്ടിൻ പ്രകാരം നിയന്ത്രണം ആവശ്യമുള്ള പ്രദേശങ്ങളെ സംബന്ധിച്ച് വിജ്ഞാപനം ചെയ്യുന്നതാണ്, സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(ഡി) ഭൂജലനിയമത്തിന്റെ ചട്ടങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്.

(ഇ) അനുബന്ധമായി വച്ചിട്ടുണ്ട്.†

തിരുവനന്തപുരം നഗരത്തിലെ ഡ്രെയിനേജ് സംവിധാനം

67 [230] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ ഡ്രെയിനേജ് സംവിധാനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നു വ്യക്തമാക്കുമോ;

(ബി) നഗരത്തിൽ ഡ്രെയിനേജ് സൗകര്യമില്ലാത്ത സ്ഥലങ്ങളിൽ പുതിയതായി ഡ്രെയിനേജ് പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എവിടെയെല്ലാമാണെന്നും ഓരോ പദ്ധതിയുടെയും ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും വ്യക്തമാക്കുമോ;

† നിയമസഭാ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നഗരത്തിൽ എല്ലാ സ്ഥലങ്ങളിലും ഡ്രെയിനേജ് പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം നഗരത്തിലെ ഡ്രെയിനേജ് സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ശാസ്തമംഗലം മുതൽ കുര്യാത്തി വരെ 700 എം.എം. മുതൽ 1200 എം.എം. വരെ വ്യാസമുള്ള പാരലൽ മെയിനും കുര്യാത്തിയിൽ പുതിയ പമ്പ് ഹൗസും കുര്യാത്തി മുതൽ സീവേജ്ഫാം വരെ 900 എം.എം. പമ്പിംഗ് മെയിനിന്റെ പണിയും ഭാഗികമായി പൂർത്തിയായി. വലിയശാല റയിൽവേ ക്രോസിംഗിൽ 1200 എം.എം. പാരലൽ മെയിനിന്റെ പണികൾ നടന്നുവരുന്നു. ഇത് ജൂലൈ മാസത്തോടുകൂടി പൂർത്തിയാകുന്നതാണ്. പൂർത്തിയാകുന്ന മുറയ്ക്ക് തിരുവനന്തപുരം നഗരത്തിലെ 'എ' ബ്ലോക്കിൽ ഉൾപ്പെട്ട കവടിയാർ, ശാസ്തമംഗലം, വെള്ളയമ്പലം, തൈക്കാട്, തമ്പാനൂർ ഭാഗം, മണക്കാട്, പുത്തൻചന്ത, ജഗതി, പാളയം മുതലായ സ്ഥലങ്ങളിലെ ഡ്രെയിനേജ് സംവിധാനം മെച്ചപ്പെടുന്നതാണ്. കൂടാതെ മേലാറന്നൂർ പ്രദേശത്ത് ഡ്രെയിനേജ് സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 2.85 കോടി രൂപ മതിപ്പുചെലവുള്ള ഒരു പദ്ധതിയുടെ പണികൾ പുരോഗമിച്ചുവരുന്നു. ഈ പദ്ധതി 2004 ഡിസംബറോടുകൂടി പൂർത്തീകരിക്കുന്നതാണ്. കൂടാതെ 'ഡി' ബ്ലോക്കിൽ ഉൾപ്പെട്ട പട്ടം, പ്ലാമൂട്, കേശവദാസപുരം, മുട്ടട, അമ്പലംമുക്ക്, കവടിയാർ ഭാഗം, മെഡിക്കൽ കോളേജ്, ഉള്ളൂർ, കുമാരപുരം, കണ്ണമ്മൂല, എന്നീ പ്രദേശങ്ങളിലെ പണികൾ ഭാഗികമായി പൂർത്തീകരിച്ചു. പട്ടം-മുറിഞ്ഞപാലം, പട്ടം-പ്ലാമൂട് പമ്പ് ഹൗസുകൾ പ്രവർത്തനക്ഷമമാക്കി ഭാഗികമായി കമ്മീഷൻ ചെയ്തു. ബാക്കി പണികൾ പുരോഗമിച്ചുവരുന്നു. 'ഇ' ബ്ലോക്കിൽ ഉൾപ്പെട്ട പേരൂർക്കട, ഊളൻപാറ, ശാസ്തമംഗലം ഭാഗം, പാങ്ങോട്, വട്ടിയൂർക്കാവ്, മരുതൻകുഴി, പി.റ്റി.പി., വലിയവിള, കാഞ്ഞിരംപാറ മുതലായ സ്ഥലങ്ങളിൽ ഡ്രെയിനേജ് സംവിധാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി പണികൾ പുരോഗമിച്ചുവരുന്നു.

(ബി) പുതിയതായി ഡ്രെയിനേജ് പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

(സി) ബാധകമല്ല.

(ഡി) നഗരത്തിൽ ഡ്രെയിനേജ് സംവിധാനം ഇല്ലാത്ത പ്രദേശങ്ങളിൽ ഡ്രെയിനേജ് സംവിധാനം നടപ്പിലാക്കുന്നതിന് പ്രത്യേക പഠനവും സർവേയും ആവശ്യമാണ്. മാത്രമല്ല, ഇതിനായി ഭീമമായ തുക കണ്ടെത്തേണ്ടതുണ്ട്.

വാട്ടർ കണക്ഷനും ഡ്രെയിനേജ് കണക്ഷനും നിരോധനം

68 [231] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം സ്ഥലങ്ങളിൽ വാട്ടർ കണക്ഷനും ഡ്രെയിനേജ് കണക്ഷനും നൽകുന്നതിന് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly